Ref.: CICO1668-214 Date: 03/02/2020

To,

പ്രിൻസിപ്പാൾ

## അർഹാം മെമ്പർഷിപ്പ് കാമ്പയിൻ

തംഹീദിയ്യ ഒന്നിലെ വിദ്യാർത്ഥികളും തംഹീദിയ്യ രണ്ട്, ആലിയ ഒന്ന് എന്നീ ക്ലാസ്സുകളിൽ ലാറ്ററൽ എൻട്രി വഴി പുതുതായി അഡ്മിഷൻ നേടിയ വിദ്യാർത്ഥികളും ചുരുങ്ങിയത് അഞ്ച് അർഹാം മെമ്പർമാരെ ചേർക്കേണ്ടതാണ്. അതിനുള്ള അർഹാം ബ്രോഷറുകൾ 27/01/2020 ന് കാളികാവ് വാഫി കാമ്പസിൽ വെച്ച് വിതരണം ചെയ്തിരുന്നു. അപേക്ഷാ ഫോം കൂടെ അയക്കുന്നു (Attachment A).

- ഒരു വിദ്യാർത്ഥിക്ക് അഞ്ച് ബ്രോഷറാണ് നൽകേണ്ടത്.
- രണ്ട് പേജുള്ള അപേക്ഷാ ഫോം ഒരു A4 ന്റെ രണ്ട് പുറങ്ങളിലായി പ്രിന്റ് ചെയ്ത് എല്ലാ വിദ്യാർത്ഥികൾക്കും നൽകേണ്ടതാണ്.
- അഞ്ചിൽ കൂടുതൽ മെമ്പർമാരെ ചേർക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ ഫോമുകൾ നൽകേണ്ടതാണ്.
- ഫോമിലെ മുഴുവൻ ഭാഗങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പി ക്കുക.
- ഒരു വീട്ടിൽ നിന്നും ഒന്നിലധികം പേരെ അർഹാം അംഗമായി ചേർക്കാൻ പാടില്ല.
- നിലവിൽ ഒരു വിദ്യാർത്ഥിയുടെ അർഹാം മെമ്പറായ വ്യക്തിയെ മറ്റൊരു വിദ്യാർത്ഥി ചേർക്കാൻ പാടില്ല.
- നമ്മെ സഹായിക്കുന്നവർ, സഹായിപ്പിക്കുന്നവർ, പൊതു പ്രവർത്തകർ, സംഘാടകർ, പണ്ഡിതന്മാർ, വിദ്യഭ്യാസ പ്രവർത്തകർ എന്നിവർക്ക് പ്രാമുഖ്യം നൽകുക.
- അപേക്ഷാ ഫോമിലെ Reg. No. പൂരിപ്പിക്കുമ്പോൾ വിദ്യാർത്ഥി തന്റെ സി.ഐ.സി നമ്പറിന്റെ കൂടെ 01,02,03,04,05 എന്നിങ്ങനെ ക്രമനമ്പർ ചേർത്ത് എഴുതുക. (ഉദാ: സി.ഐ.സി നമ്പർ 12932 ആണെങ്കിൽ, രജിസ്റ്റർ നമ്പറുകൾ 1293201, 1293202, 1293203, 1293204, 1293205 എന്നിങ്ങനെ ചേർക്കുക.)
- പൂരിപ്പിച്ച അപേക്ഷകൾ നൽകപ്പെട്ട എക്സൽ ഫയലിൽ (Attachment B) കോളേജിൽ നിന്ന് തന്നെ ഡാറ്റ എൻട്രി നടത്തിയ ശേഷം 28/02/2020 ന് മുമ്പ് സി.ഐ.സി ഓഫീസിൽ എത്തിക്കേണ്ടതാണ്.
- അർഹാം മെമ്പർമാരായി ചേർത്ത ആളുകൾക്ക് കോളേജിലെ മുതിർന്ന വിദ്യാർത്ഥികളെ ഉപയോഗിച്ച് ഫോൺ വിളിച്ച് വെരിഫിക്കേഷൻ നടത്തുകയും വാഫി കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുകയും വേണം.
  വഫിയ്യ കോളേജുകളുടെ വെരിഫിക്കേഷൻ സി.ഐ.സി ഓഫീസ് നേരിട്ട് നടത്തുന്നതാണ്.

- വെരിഫിക്കേഷൻ പൂർത്തിയാക്കിയ ശേഷം എക്സൽ ഫയൽ arhamassembly@gmail.com എന്ന മെയിലിലേക്ക് 24/02/2020 ന് മുമ്പ് അയക്കുക.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9497313222

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സി.ഐ.സി